(ബി) 4-6-2021-ന് നൽകിയ അഡ്വൈസുകളിൽ ചിലതിൽ ടൈബ്യൂണലിൽ നിലവിലുള്ള കേസിന്റെ കാര്യം പരാമർശിച്ചിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ടി റാങ്ക് പട്ടികയിൽ നിന്നുമുള്ള നിയമന ശിപാർശ OA. No.1308/2020-ന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന് ടി കേസിന്മേലുള്ള MA. No.998/2020-ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ടൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുള്ളതിനാലാണ് 4-6-2021-ലെ നിയമന ശിപാർശകളിൽ ടൈബ്യൂണലിൽ നിലവിലുള്ള കേസിന്റെ കാര്യം പരാമർശിച്ചിട്ടുള്ളത്.

പി. എസ്. സി. അംഗങ്ങളുടെ നിയമനം

32 (1393) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിച്ചതുമായി ബന്ധപ്പെട്ട് സാമ്പത്തിക ഇടപാട് നടന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി. അംഗങ്ങളുടെ നിയമന മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

വയനാട് ജില്ലയിലെ നിയമനങ്ങൾ

33 (1394) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ 2021 ജൂൺ വരെ വയനാട് ജില്ലയിൽ ആകെ എത്ര പേർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ജോലി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ പി.എസ്.സി.- യുടെ വയനാട് ജില്ലാ ഓഫീസിൽനിന്ന് വിവിധ വകുപ്പുകളിലേയ്ക്കായി 3773 (മൂവായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന്) നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ ജോലി ലഭിച്ചവരുടെ കണക്ക് വകുപ്പും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ പി.എസ്.സി.- യുടെ വയനാട് ജില്ലാ ഓഫീസിൽനിന്ന് വിവിധ വകുപ്പുകളിലേയ്ക്കായി 3773 (മൂവായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന്) നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് വയനാട് ജില്ലയിൽ ജോലി നൽകി എന്ന കാര്യം വകുപ്പും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

34 (1395) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് തീവ്രമായ സാഹചര്യത്തിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഡി.പി.സി. യോഗങ്ങൾ സമയബന്ധിതമായി ചേരാൻ കഴിഞ്ഞിട്ടില്ലെന്ന പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ;

&

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചുനല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly